## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 685.   30.06.2016 ന് മറുപടിയ്ക്ക്**

## കൊയിലാണ്ടി എക്സൈസ് റെയ്ഞ്ച് ഓഫീസിന്റെ പരാധീനതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കൊയിലാണ്ടി എക്സൈസ് റെയ്ഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിലാണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൊയിലാണ്ടി റെയ്ഞ്ച് ഓഫീസ് സൗകര്യപ്രദമായ ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുവാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; | (ബി) | കൊയിലാണ്ടി എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടം മാറ്റുന്നതിനുള്ള ശ്രമങ്ങൾ വളരെ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിൽ ഉള്ള ഏതെങ്കിലും കെട്ടിടമുണ്ടെങ്കിൽ ആയത് അനുവദിച്ച് ലഭിക്കുന്നതിനായി മുനിസിപ്പൽ അധികൃതർക്കും, ആഫീസ് കെട്ടിടം സ്വന്തമായി വകുപ്പിന് നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമായോ എന്നറിയിക്കുന്നതിനായി പന്തലായനി വില്ലേജ് ആഫീസർക്കും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൊയിലാണ്ടി എക്സൈസ് റെയ്ഞ്ച് ആഫീസ് സൗകര്യപ്രദമായ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിനായിട്ടുള്ള കെട്ടിടവും അന്വേഷിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ഒട്ടുമിക്ക റെയ്ഞ്ച് ഓഫീസുകളിലും സ്ഥലപരിമിതിയും സൗകര്യങ്ങളുടെ അപര്യാപ്തതയും, ജീവനക്കാരുടെ എണ്ണക്കുറവും എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (സി) ഉം (ഡി) ഉം | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എക്സൈസ് ഓഫീസുകളിലെ സ്ഥലപരിമിതിയും സൗകര്യങ്ങളുടെ അപര്യാപ്തതയും പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. എക്സൈസ് വകുപ്പിന്റെ Modernisation (ആധുനികവത്ക്കരണം) ന്റെ ഭാഗമായി സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യാൻ സർക്കാർ നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ